# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2915 18.06.2019 ൽ മറുപടിക്ക്**

## കുതിരാൻ തുരങ്കം നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. ബാബു** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) വടക്കഞ്ചേരി-മണ്ണുത്തി ദേശീയ പാതയിലെ കുതിരാൻ തുരങ്കത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ; | എ) ബി) & സി) വടക്കഞ്ചേരി മണ്ണുത്തി പാതയുടെയും, അനുബന്ധപ്രവൃത്തികളായ, ഫ്ലൈഓവർ, ടണൽ എന്നിവയുടെയും നിർമ്മാണ കരാർ BOT അടിസ്ഥാനത്തിൽ 24.08.2009 ലാണ് ഒപ്പ് വെച്ചത്. ഈ പ്രവൃത്തിയുടെ ആകെ നീളം 28.355 കി.മി ആണ്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം കരാർ പ്രകാരം 07.10.2010 ൽ തുടങ്ങി 06.04.2013 ൽ പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നത്. എങ്കിലും ചില സാങ്കേതിക കാരണങ്ങളാലും സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച പരിസരവാസികളുടെ എതിർപ്പുകൾ മൂലവും ഷെഡ്യൂൾ പ്രകാരം പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. തുടർന്ന് 2017 ഡിസംബറിൽ പ്രവൃത്തികൾ പൂർത്തിയാക്കും എന്ന തീരുമാനത്തോടെ 07.10.2014 ൽ പ്രവൃത്തികൾ പുനരാരംഭിക്കുകയും എന്നാൽ നാട്ടുകാരുടെ ഉടരെയുള്ള എതിർപ്പുമൂലം ടണൽ വർക്കുകളും ഹൈവേ വർക്കുകളും നിർത്തി വെക്കേണ്ടതായി വന്നു. കരാർ കമ്പനിയും തൊഴിലാളികളും തമ്മിലുള്ള പ്രശ്നങ്ങളും, കരാർ കമ്പനിയുടെ സാമ്പത്തിക പ്രയാസങ്ങളും പ്രവൃത്തിയുടെ കാലതാമസത്തിനു കാരണമായിട്ടുണ്ട്.<br><br>മണ്ണുത്തി വടക്കഞ്ചേരി ദേശീയപാത നിർമ്മാണ പ്രവൃത്തിയുടെ 83% പൂർത്തിയാക്കിയിട്ടുണ്ട്. ആകെയുള്ള 28.355 കി.മി ൽ 22.2 കി.മി മാത്രമേ പൂർത്തിയായിട്ടുള്ളൂ. ബാക്കി പൂർത്തിയാക്കാനുള്ള വടക്കഞ്ചേരി ഫ്ലൈഓവറിന്റെ അപ്രോച്ച് റോഡും ടണലിന്റെ വർക്കും മേജർ സ്ട്രക്ചർ വർക്കും 2019 ഡിസംബറിൽ പൂർത്തിയാക്കാനുള്ള പ്രോഗ്രാം നിർമ്മാണ കമ്പനി സമർപ്പിച്ചിട്ടുണ്ട്. പൊതുമരാമത്തു മന്ത്രിയുടെ നേതൃത്വത്തിൽ തൃശ്ശൂർ |
| ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ അവ എന്താണെന്ന് വിശദമാക്കുമോ; | |
| സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കുമെന്ന് വിശദമാക്കുമോ? | |

കലക്ടറേറ്റിൽ വെച്ച് നടന്ന അവലോകന യോഗത്തിൽ 2018 ജനുവരിയിൽ കുതിരാൻ ടണൽ പൂർത്തീകരിക്കുമെന്നു കമ്പനി അധികൃതർ സമ്മതിച്ചിരുന്നുവെങ്കിലും നടപ്പായിട്ടില്ല

സെക്ഷൻ ഓഫീസർ